# പഠനത്തിൽ വയനാട് പിന്നിലെന്ന് പരിതപിക്കുന്നവർ അറിയാൻ | പരമ്പര-1

By നീനുമോഹൻ

30 May 2023, 12:39 PM IST

## പരമ്പര- പിൻബെഞ്ചിലെ യാഥാർഥ്യങ്ങൾ ....

---

> **പത്താംക്ലാസ് പരീക്ഷാഫല പ്രഖ്യാപനത്തിൽ ഇക്കുറിയും വിജയശതമാനത്തിൽ വയനാട് ഏറ്റവും പിന്നിലാണ്. വിവാദവും പരസ്പരം പഴിചാരലും തുടങ്ങി. പത്താംക്ലാസിനെ കേന്ദ്രീകരിച്ച് 'കതിരിൽ മാത്രം വളം വെക്കുന്ന' ഈ ചർച്ചകൾ വയനാടിന്റെ വിദ്യാഭ്യാസ പിന്നാക്കാവസ്ഥയ്ക്ക് ഗുണം ചെയ്യുമോ? ഒരോ ക്ലാസിലും പഠിക്കുന്ന വിദ്യാർഥി അവരുടെ കരിക്കുലത്തിന്റെ കൂടി സഹായത്തോടെ ആർജിക്കേണ്ട അടിസ്ഥാന അറിവും വികാസവും നേടിയിട്ടുണ്ടോ. വയനാട്ടിലെ പ്രാഥമിക വിദ്യാഭ്യാസ മേഖലയുടെ പിന്നാക്കാവസ്ഥയെക്കുറിച്ച് ഒരന്വേഷണം.**

മൂന്നാം ക്ലാസിൽ പഠിക്കുന്ന കുട്ടി എന്തെല്ലാം കഴിവുകൾ ആർജിക്കണം? ഒരു പാഠം തെറ്റാതെ വായിക്കാനാവണം, വായിക്കുന്നതിന്റെ അർഥം ആരും പറഞ്ഞുനൽകാതെ മനസ്സിലാവണം. കണക്കുകൂട്ടണം. അവർക്കാവശ്യമെന്തെന്ന് ലളിതമായ ഭാഷയിൽ ബോധ്യപ്പെടുത്താനാവണം. - വയനാട്ടിലെ എത്ര കുട്ടികൾക്ക് അതിന് കഴിയുന്നുണ്ട്. ജില്ലയിലെ 80 ശതമാനം കുട്ടികൾക്കും അതിനാവുന്നില്ലെന്നാണ് യാഥാർഥ്യം. ചെറിയ ക്ലാസിൽ പോലും വയനാട്ടുകാർ പിൻബെഞ്ചിൽ തന്നെയാണെന്നാണ് ദേശീയ അച്ചീവ്മെന്റ് സർവെയും (NAS 2021) പറയുന്നത്.

നാസ് സർവെ പ്രകാരം ജില്ലയിൽ മൂന്നാം ക്ലാസിലെ 81.6 ശതമാനം കുട്ടികളും പഠനത്തിൽ ശരാശരിയും അതിൽ താഴെയും നിലവാരമുള്ളവരാണ്. അഞ്ചിലും എട്ടിലും പത്തിലും പഠിക്കുന്നവരിൽ 80 ശതമാനത്തിന് മുകളിലും ശരാശരിക്കാരോ, അതിൽ പുറകിലോ ആണ്. അതേസമയം ഇതേ സർവെയിൽ മിക്ക വിഭാഗങ്ങളിലും സംസ്ഥാനം ദേശീയ ശരാശരിയേക്കാൾ മുന്നിലാണ്. സംസ്ഥാന ശരാശരിയുടെ അരികിലെത്താൻ പോലും വയനാടിനാവുന്നില്ല.

പത്തിലല്ല, ഒന്നാം ക്ലാസിൽ തുടങ്ങണം നമ്മുടെ മാറ്റത്തിനായുള്ള ശ്രമമെന്നാണ് ദേശീയ അച്ചീവ്മെന്റ് സർവെ വ്യക്തമാകുന്നത്. എന്നാൽ എൻ.സി.ആർ.ടി,. സി.ബി.എസ്.സി. സിലബസ് പ്രകാരം നടത്തിയ സർവെയാണ് നാസ് റിപ്പോർട്ടെന്ന ദുർബല വാദമുയർത്തി പ്രതിരോധിക്കാൻ മാത്രമാണ്

അധികൃതർ ശ്രമിക്കുന്നത്. റിപ്പോർട്ടിൽ കഴമ്പുണ്ടോയെന്ന പരിശോധനകൾ നടന്നിട്ടില്ല.

## നാസ് സർവെയിലെ പ്രധാന കണ്ടെത്തലുകൾ

- പഠനനിലവാരത്തിൽ പൊതു പിന്നാക്കാവസ്ഥ പ്രകടം.
- പത്താം ക്ലാസ് വിദ്യാർഥികളിൽ കണക്ക്, ഭാഷ, സയൻസ്, സാമൂഹിക ശാസ്ത്രം എന്നീ വിഷയങ്ങളിൽ ഒരു വിദ്യാർഥിക്ക് പോലും ഉന്നത നിലവാരം പുലർത്താനായില്ല. ഇംഗ്ലീഷിൽ പത്തു ശതമാനം കുട്ടികൾ മാത്രം കൂടുതൽ മെച്ചപ്പെട്ട നിലവാരം കാണിക്കുന്നു.
- യു.പി. ക്ലാസുകൾ മുതൽ ആദിവാസി വിദ്യാർഥികൾ പഠനത്തിൽ പിന്നാക്കം പോകുന്നു.
- ഹൈസ്കൂൾ ക്ലാസുകളിലെത്തുമ്പോൾ പെൺകുട്ടികൾ ഭാഷാപഠനത്തിൽ മുന്നിലെത്തുന്നു. മറ്റു വിഷയങ്ങളിലും തുല്യനിലവാരം പുലർത്തുന്നു.
- സർക്കാര്, എയ്ഡഡ്, അൺഎയ്ഡഡ് വിദ്യാലയങ്ങളിലെ കുട്ടികളാണ് സർവെയിൽ പങ്കെടുത്തത്. പൊതു പിന്നാക്കാവസ്ഥ പ്രകടം.
- സ്കൂളുകളുടെ അടിസ്ഥാന സൗകര്യക്കുറവ് പരാതിയാവുന്നില്ല. അധ്യാപകരുടെ കാര്യശേഷിയിലും നല്ല അഭിപ്രായമാണ് സർവെ രേഖപ്പെടുത്തുന്നത്.

## എവിടെയാണ് പിഴയ്ക്കുന്നത്?

കുട്ടികളുടെ പഠനനിലവാരം ഉയർത്താൻ രണ്ടുകാര്യങ്ങൾ വേണം. പ്രാധാനമായും ചുറ്റുപാടുകൾ. സ്കൂളുകൾ വഴി അതുറപ്പാക്കാൻ നമുക്കാവുന്നുണ്ട്. മെച്ചപ്പെട്ട കെട്ടിടങ്ങൾ, സൗജന്യ ഉച്ചഭക്ഷണം, വിവിധ സ്റ്റൈപ്പന്റുകൾ എന്നിവയെല്ലാം ഉദാഹരണം. പിന്നെ പഠനപ്രക്രിയയിലെ പിന്തുണ. ഉത്തരാധുനിക ഡിജിറ്റൽ കാലത്ത് പഠിക്കുന്ന ഇന്നത്തെ വിദ്യാർഥിക്കൊപ്പമെത്താൻ അധ്യാപകർക്കാവുന്നില്ലെന്നതാണ് സത്യം. വിദ്യാർഥി അധ്യാപകനിൽ നിന്ന് അറിവല്ല തേടുന്നത്. വഴികാട്ടിയാവാനുള്ള ചുമതലയാണ് ഇന്ന് അധ്യാപകനുള്ളത്. അധ്യാപക യോഗ്യതകൾ ഉണ്ടെങ്കിലും പഴയ വാർപ്പുമാതൃകകളിൽ നിന്ന് ഇറങ്ങിപ്പോരാൻ സാധിക്കാത്ത അധ്യാപകന് പുതിയ വിദ്യാർഥി ആഗ്രഹിക്കുന്നിടത്ത് എത്താനാവുന്നില്ല.

മാതാപിതാക്കളുടെ മേൽനോട്ടം/ പിന്തുണ കൂടുതലായി ആവശ്യപ്പെടുന്ന പഠനക്രമമാണ് നമ്മുടെ കരിക്കുലം ആവശ്യപ്പെടുന്നത്. ഹോംവർക്ക് പോലുള്ളവ ഉദാഹരണം. ആദിവാസികൾ, കർഷക തൊഴിലാളികൾ, തോട്ടം തൊഴിലാളികൾ തുടങ്ങി വർണ/ വർഗ വിഭജനങ്ങളിൽ പിന്നാക്കക്കാർ ഏറെയുള്ള വയനാട്ടില് മാതാപിതാക്കളിൽ പലരും ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവർ അല്ല. പഴയ കുടിയേറ്റക്കാരുടെ വിദ്യാഭ്യാസം തേടുന്ന ആദ്യതലമുറയാവും മാതാപിതാക്കൾ. ആദിവാസികളെ സംബന്ധിച്ചാണെങ്കിലും ഇപ്പോൾ സ്കൂളിലെത്തിയ കുട്ടികളാവും പ്രൈമറി ക്ലാസുകളെങ്കിലും കടക്കുന്ന ആദ്യതലമുറ. അതിനാൽ തന്നെ കരിക്കുലം ആവശ്യപ്പെടുന്ന പഠനപിന്തുണ വീട്ടിൽ നിന്ന് കുട്ടിക്ക് ലഭിക്കുന്നില്ല. സ്വാഭാവികമായും ഈ പിന്തുണ കൂടി അധ്യാപകനാണ് നൽകേണ്ടത്. എന്നാൽ പഠിപ്പിച്ചു തീർക്കേണ്ട ഓട്ടപ്പാച്ചിലിൽ അവർക്കും ഇതിനാവുന്നില്ല.

പൊതുസമൂഹം ശ്രദ്ധിക്കുന്ന എൽ.എസ്.എസ്., യു.എസ്.എസ്. പരീക്ഷകളിലും പത്താംക്ലാസ് പരീക്ഷയിലും മികച്ച വിജയം ഉണ്ടാക്കാനുള്ള നെട്ടോട്ടത്തിൽ മാത്രമായി വിദ്യാഭ്യാസ പ്രക്രിയ ചുരുങ്ങുന്നു. ഈ പരീക്ഷകളിലെ മികച്ച മാർക്ക് മാത്രമാവുന്നു വിദ്യാർഥികളുടെയും ഉന്നം. അവിടെ മാർക്കുനേടുന്ന മിടുക്കരിലേക്ക് മാത്രം പഠനപ്രവർത്തനം ചുരുങ്ങും. ശേഷിക്കുന്ന ഭൂരിപക്ഷം ശരാശരിക്കാരായി തുടരുന്നു.

**പദ്ധതികൾ ഏറെയുണ്ട്, മേൽനോട്ടമോ**

കുട്ടികളുടെ പഠനനിലവാരം ഉയർത്താനാവശ്യമായ പദ്ധതികൾക്ക് ജില്ലയിൽ കുറവില്ല. വിദ്യാഭ്യാസ വകുപ്പും എസ്.എസ്.കെ.യും ഡയറ്റുമെല്ലാം പദ്ധതി നിർദേശങ്ങൾ നൽകുന്നുണ്ട്. എന്നാൽ ഈ പദ്ധതികളുടെ നടപ്പാക്കലും ഗുണഫലം പരിശോധിക്കലും തുടർപ്രവർത്തനവും നടക്കുന്നില്ല. അതിനാളില്ല. ജില്ലാ വിദ്യാഭ്യാസ ഓഫീസറും ജില്ലാ ഉപവിദ്യാഭ്യാസ ഡയറക്ടറും തുടങ്ങി അധ്യാപക തസ്തികകളിൽ പോലും ജില്ലയിൽ നിരന്തരമായി ഒഴിഞ്ഞുകിടപ്പാണ്. ഇന്നുള്ള ആൾ നാളെയില്ല എന്ന അവസ്ഥയാണ് പൊതുവിൽ. സ്ഥാനക്കയറ്റത്തിനും സ്ഥലംമാറ്റത്തിനുമിടയിലുള്ള ഇടത്താവളം മാത്രമാണ് പല ഉദ്യോഗസ്ഥർക്കും വയനാട്. സ്വാഭാവികമായും വിദ്യാഭ്യാസ പദ്ധതികളുടെ നടത്തിപ്പിനെ ഇത് ബാധിക്കുന്നു. മേൽനോട്ടത്തിന് ആളില്ലാതെ വരുന്നതോടെ കടലാസിൽ മാത്രമൊതുങ്ങുന്നു പദ്ധതികൾ. എ.ഇ.ഓഫീസുകൾക്ക് കീഴിലാവട്ടെ അവർക്ക് പരിഗണിക്കാവുന്നതിൽ അധികം സ്കൂളുകളും. എ.ഇ.ഓഫീസിൽ തുടങ്ങി, അധിക അധ്യാപക നിയമനവും ബാച്ച് അനുവദിക്കലും വരെ നടപ്പാകണം. എങ്കിലേ സംവിധാനം പോലും ശക്തിപ്പെടൂ.

( തുടരും)

# അന്യവത്കരണത്തിന്‍റെ ആദ്യഘട്ടം ഭാഷതന്നെയാണ്; ക്ലാസ്സുറിയിൽ അദൃശ്യരാവുന്ന ആദിവാസികുട്ടികൾ | പരമ്പര-2

By നീനു മോഹൻ

31 May 2023, 11:47 AM IST

## പരമ്പര- പിൻബെഞ്ചിലെ യാഥാർഥ്യങ്ങൾ ....

> **പത്താംക്ലാസ് പരീക്ഷാഫല പ്രഖ്യാപനത്തിൽ ഇക്കുറിയും വിജയശതമാനത്തിൽ വയനാട് ഏറ്റവും പിന്നിലാണ്. വിവാദവും പരസ്പരം പഴിചാരലും തുടങ്ങി. പത്താംക്ലാസിനെ കേന്ദ്രീകരിച്ച് 'കതിരിൽ മാത്രം വളം വെക്കുന്ന' ഈ ചർച്ചകൾ വയനാടിന്‍റെ വിദ്യാഭ്യാസ പിന്നാക്കാവസ്ഥയ്ക്ക് ഗുണം ചെയ്യുമോ? ഒരോ ക്ലാസിലും പഠിക്കുന്ന വിദ്യാർഥി അവരുടെ കരിക്കുലത്തിന്‍റെ കൂടി സഹായത്തോടെ ആർജിക്കേണ്ട അടിസ്ഥാന അറിവും വികാസവും നേടിയിട്ടുണ്ടോ. വയനാട്ടിലെ പ്രാഥമിക വിദ്യാഭ്യാസ മേഖലയുടെ പിന്നാക്കാവസ്ഥയെക്കുറിച്ച് അന്വേഷണം രണ്ടാം ഭാഗം**

യു.പി. - ഹൈസ്കൂൾ ക്ലാസ്സുറികളിലേക്ക് കയറിചെല്ലുന്ന അധ്യാപകന് ക്ലാസിലെ ആദിവാസി വിഭാഗങ്ങളിൽ നിന്നുള്ള വിദ്യാർഥികളാരെന്ന് ആരും പറഞ്ഞു കൊടുക്കേണ്ടതില്ല. നിശബ്ദത കൊണ്ടും ആത്മവിശ്വാസക്കുറവ് കാണിച്ചും അവർ തങ്ങളെ തന്നെ കാണിച്ചു കൊടുക്കും. ഒന്നാംക്ലാസിൽ തുറന്ന മനസ്സോടെ ഇടപഴകുന്ന ആദിവാസി കുട്ടിയെ പത്താംക്ലാസ് എത്തുമ്പോഴേക്കും സ്കൂളിനെ വിട്ട് തോട്ടത്തിൽ പണിയെടുക്കാൻ പ്രേരിപ്പിക്കുന്നതാണ് നിലവിലെ നമ്മുടെ സംവിധാനം. അന്യവത്കരണത്തിന്‍റെ ആദ്യഘട്ടം ഭാഷതന്നെയാണ്. വീട് എന്ന് മലയാളത്തിൽ പഠിപ്പിക്കുന്നത് തന്‍റെ 'പിരൈ'യാണെന്ന് പോലും കുട്ടിക്ക് മനസ്സിലാവുന്നില്ല. ഊരിന് പുറത്തുള്ളവർ താമസിക്കുന്ന കെട്ടിടമാണ് അവർക്ക് വീട്. ആശയം മനസ്സിലാക്കുന്നതിലെ ഈ വ്യത്യാസം പഠനകാലത്തുടനീളം അവരിലുണ്ടാകും.

## കൊഴിഞ്ഞുപോക്ക് ശരിക്കും കുറഞ്ഞോ

സർക്കാർ രേഖകളിൽ കൊഴിഞ്ഞുപോക്ക് കുറഞ്ഞിട്ടുണ്ട്. എന്നാൽ രേഖകളിൽ കാണുന്നതല്ല യാഥാർഥ്യമെന്നാണ് വിദ്യാഭ്യാസ പ്രവർത്തകരും അധ്യാപകരും ഒരു പോലെ പറയുന്നത്. ക്ലാസിലെത്തിയില്ലെങ്കിലും ആദിവാസി വിദ്യാർഥിയ്ക്ക് ഹാജർ നൽകുന്ന സമ്പ്രദായം ജില്ലയിൽ തുടരുന്നുണ്ട്. പലതാണ് കാരണം. ചിലപ്പോൾ ആദിവാസി വിഭാഗങ്ങളുടെ ആചാരങ്ങളെ തിരിച്ചറിയുന്ന അധ്യാപകന്റെ മമത. ഉദാഹരണം കുടുംബവീടുകളിൽ ദിവസങ്ങളോളം താമസിക്കുന്ന പതിവ് പണിയ വിഭാഗക്കാർക്കുണ്ട്. ഈ താമസം കഴിഞ്ഞാൽ കുട്ടി വിദ്യാലയത്തിലേക്ക് മടങ്ങുമെന്നറിയുന്ന അധ്യാപകർ ഹാജർ നൽകും. മറ്റു ചിലപ്പോൾ അർഹമായ സ്റ്റൈപ്പന്റുകളിൽ കുട്ടി തഴയപ്പെട്ടു പോകരുതെന്ന ചിന്തയാകാം. ചില അധ്യാപകർക്കെങ്കിലും ഉച്ചക്കഞ്ഞി കണക്കുകൾ ഒപ്പിക്കാനുള്ള തത്രപ്പാടാണ്. ക്ലാസിലെത്താത്ത ആദിവാസിക്കുട്ടി കൂടി എത്തിയെന്ന് കാണിച്ചാലേ സാമ്പത്തിക പ്രതിസന്ധി മറികടക്കാനാവൂ എന്നും അധ്യാപകർക്ക് അറിയാം.

യു.പി. ക്ലാസുകളിലാണ് ക്ലാസുകളിൽ നിന്ന് വിട്ടുനിൽക്കുന്നത് വർധിക്കുന്നത്. ഹൈസ്കൂളുകളോട് ചേർന്നുള്ള യു.പി. ക്ലാസുകളാണ് ജില്ലയിൽ അധികവും. ഇവിടെ ഹൈസ്കൂൾ ക്ലാസുകളിലെ മികച്ച പരീക്ഷാഫലത്തിനായി അധ്യാപകരുെട ശ്രദ്ധ പോകുമ്പോൾ യു.പി. കുട്ടികൾക്ക് മതിയായ പരിഗണന കിട്ടുന്നില്ല. അവരുടെ പഠനനിലവാരം അളക്കാനുള്ള സംവിധാനങ്ങളും നമുക്കില്ല. ഇതോട പൊതുവിൽ കുട്ടികൾ പഠനത്തിൽ പിന്നാക്കം പോകും. ആദിവാസി കുട്ടിയെ സംബന്ധിച്ചാകുമ്പോൾ പഠനപിന്നാക്കവസ്ഥയ്ക്കൊപ്പം കുടുംബത്തിന്റെ സാഹചര്യങ്ങൾ തൊഴിലിനായും പ്രേരിപ്പിക്കും. കവുങ്ങ് കയറിയാലോ, കാപ്പിപറിക്കാനോ സാമ്പത്തികാവശ്യങ്ങൾ പ്രേരിപ്പിക്കും. ഇതിനൊപ്പം നല്ല അനുഭവങ്ങൾ തരാത്ത സ്കൂൾ കൂടിയായാലോ. കുട്ടി സ്കൂളിനോട് പതിയെ വിടപറയും.

[പഠനത്തിൽ വയനാട് പിന്നിലെന്ന് പരിതപിക്കുന്നവർ അറിയാൻ | പരമ്പര-1]

### തുണയാവുന്നില്ല സംവിധാനങ്ങൾ

അഞ്ച് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, 27 പ്രീമെട്രിക് ഹോസ്റ്റൽ, നഴ്സറി സ്കൂൾ, ഏകാധ്യാപക വിദ്യാലയങ്ങൾ, കോളനികളിലെ സാമൂഹിക പഠനമുറികള്, മെന്റർ ടീച്ചർമാർ, പഠനമുറികളിലെ ഫെസിലിറ്റേറ്റർ, സോഷ്യൽ വർക്കർ, എജ്യുക്കേഷണൽ വൊളന്റിയർ, ട്രൈബൽ പ്രൊമോട്ടർമാർ -ആദിവാസി കുട്ടികളുടെ പഠന നിലവാരം ഉയർത്താനുള്ള സംവിധാനങ്ങളാണിത്. പുറമെ ജനമൈത്രി പോലീസ്, ജനമൈത്രി എക്സൈസ്, പഞ്ചായത്ത്/ നഗരസഭ വിദ്യാഭ്യാസ കമ്മിറ്റി, കൂട്ട് പദ്ധതി, വിദ്യാകിരണം പദ്ധതി , ഗോത്രക്ലബ് എന്നിങ്ങനെ വിവിധ പേരുകളിൽ പലതരം പദ്ധതികൾ.

എസ്.ടി. വിദ്യാർഥികളുടെ ക്ലാസ്, വിഷയാടിസ്ഥാനത്തിലുള്ള പഠനനിലവാരം ( ശതമാനത്തിൽ) അവലംബം: നാസ് 2020,21

എല്ലാ പദ്ധതികളും എല്ലാ വിദ്യാർഥികളിലേക്കും എത്തുന്നുണ്ടാവില്ല. എന്നാൽ ഏതെങ്കിലും ഒരു പദ്ധതി, ഒരു ഉദ്യോഗസ്ഥൻ കുട്ടിയിലേക്ക് എത്തിപ്പെട്ടാൽ പോലും പഠനനിലവാരത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടായേനെ. മെന്റർ ടീച്ചറെ എടുക്കാം. കുട്ടി സ്കൂളിൽ അനുഭവിക്കുന്ന എല്ലാ പ്രതിസന്ധികൾക്കും പഠനത്തിലും സഹായം നൽകാനാണ് മെന്റർ ടീച്ചർമാരെ നിയമിച്ചത്. എന്നാൽ മറ്റു അധ്യാപകരുടെ സഹായികളെ പോലെയോ, ഒഴിവുള്ള പിരീഡുകളിൽ വിഷയം പഠിപ്പിക്കാനോ ആണ് ഇവരെ ഉപയോഗിക്കുന്നത്. പദ്ധതി പരാജയപ്പെടുന്നു. സാമൂഹിക പഠനമുറി എടുക്കാം. ജില്ലയിൽ 3060 കോളനികളാണ് ഉള്ളത്. ആകെ 25 പഠനമുറിയും. പദ്ധതിയുണ്ടെങ്കിലും എത്ര പേർക്ക് പ്രയോജനം ചെയ്യുമെന്ന് പരിശോധിച്ചാൽ മതി. ഇതാണ് കൊട്ടിഘോഷിക്കുന്ന പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഗുണഫലം ഇല്ലാത്തതിന് പിന്നിൽ. പദ്ധതിയുടെ മേൽനോട്ടം വഹിക്കാനോ, ഗുണഫലം രേഖപ്പെടുത്താനോ പരാജയപ്പെട്ടാൽ അത് തിരുത്താനോ ഉള്ള സംവിധാനം എവിടെയും ഉണ്ടാകുന്നില്ലെന്നതാണ് സത്യം.

### വേണ്ടതെന്ത്?

കുട്ടിയുടെ താത്പര്യങ്ങളെയും ആവശ്യങ്ങളെയും തിരിച്ചറിയാൻ

അധ്യാപകർക്കാവുക എന്നതാണ് പ്രധാനം. കലാ -കായിക മേഖലകളിൽ ആദിവാസി വിദ്യാർഥികൾക്കുള്ള മികവും താത്പര്യവും എടുത്തുപറയേണ്ടതാണ്. ഓടുന്ന ഒരു കുട്ടിക്ക് കൂടുതൽ അവസരം ഒരുക്കാനോ അവനെ പ്രോത്സാഹിപ്പിക്കാനോ അധ്യാപകൻ തയ്യാറായാൽ കുട്ടി സ്കൂളിലും കളിക്കളത്തിലും സജീവമാകും. ഒളിംപ്യൻ ഗോപിമാർ ഇനിയും വയനാട്ടിലുണ്ടാകും.പഠനത്തിലാവട്ടെ അവരെക്കൂടി ഉൾചേർക്കുന്നതാവണം ക്ലാസ് മുറി. മാതൃഭാഷ മലയാളം മാത്രമല്ലെന്നും നിങ്ങൾ വീടുകളിൽ സംസാരിക്കുന്നത് ആണെന്നും അത് പണിയഭാഷയോ അടിയ ഭാഷയോ ആവാമെന്നും എല്ലാ കുട്ടികളും തിരിച്ചറിയണം. ആ ഇടപെടൽ ഓരോ ഘട്ടത്തിലും വേണം.

ജില്ലയിൽ മുമ്പൊരു സ്കൂളിൽ പ്രധാനധ്യാപകൻ മുൻകൈയെടുത്ത് അസംബ്ലിയിൽ പണിയ ഭാഷയിൽ വാർത്തകൾ വായിച്ചിരുന്നു. കുട്ടികൾക്കുള്ള അംഗീകാരമായിരുന്നു അത്. എന്നാൽ ആദിവാസി ഭൂരിപക്ഷ മേഖല ആയിരുന്നിട്ട് പോലും അധ്യാപകൻ സ്ഥലംമാറിയതിന് പിന്നാലെ പണിയഭാഷയിലെ വായന എല്ലാവരും ചേർന്ന് നിർത്തി. ക്ലാസ് മുറികൾ മാത്രമല്ല സമൂഹം കൂടിയാണ് ആദിവാസിവിദ്യാർഥിയെ രൂപപ്പെടുത്തുന്നതെന്ന് ഇന്നി എന്നാണു നമ്മൾ തിരിച്ചറിയുക.
(തുടരും)

# സഹായി എഴുതി ജയിപ്പിക്കുന്ന എസ്.എസ്.എൽ.സി; പഠനവൈകല്യമോ, പഠിപ്പിക്കാത്തതോ? | പരമ്പര- 03

01 June 2023, 05:22 PM IST

## പരമ്പര- പിൻബെഞ്ചിലെ യാഥാർത്ഥ്യങ്ങൾ ....

---

> **പത്താംക്ലാസ് പരീക്ഷാഫല പ്രഖ്യാപനത്തിൽ ഇക്കുറിയും വിജയശതമാനത്തിൽ വയനാട് ഏറ്റവും പിന്നിലാണ്. വിവാദവും പരസ്പരം പഴിചാരലും തുടങ്ങി. പത്താംക്ലാസിനെ കേന്ദ്രീകരിച്ച് 'കതിരിൽ മാത്രം വളം വെക്കുന്ന' ഈ ചർച്ചകൾ വയനാടിന്റെ വിദ്യാഭ്യാസ പിന്നാക്കാവസ്ഥയ്ക്ക് ഗുണം ചെയ്യുമോ? ഒരോ ക്ലാസിലും പഠിക്കുന്ന വിദ്യാർഥി അവരുടെ കരിക്കുലത്തിന്റെ കൂടി സഹായത്തോടെ ആർജിക്കേണ്ട അടിസ്ഥാന അറിവും വികാസവും നേടിയിട്ടുണ്ടോ. വയനാട്ടിലെ പ്രാഥമിക വിദ്യാഭ്യാസ മേഖലയുടെ പിന്നാക്കാവസ്ഥയെക്കുറിച്ച് ഒരന്വേഷണം.**

**സംസ്ഥാനത്ത് പത്താംക്ലാസ് പരീക്ഷ കഴിഞ്ഞപ്പോൾ ഏറ്റവുമധികം സഹായികളെ (സ്ക്രൈബ്) ഉപയോഗിച്ച് വിദ്യാർഥികൾ പരീക്ഷ എഴുതിയ ജില്ല വയനാടാണ്. ശരിക്കും നമ്മുടെ കുട്ടികൾക്ക് പഠനവൈകല്യങ്ങളുണ്ടോ. അതോ വിജയശതമാനം ഉയർത്താനുള്ള ചെപ്പടിവിദ്യയാണോ പരീക്ഷാ സഹായികൾ?**

“പത്താംക്ലാസ് പരീക്ഷ നിങ്ങള് വേറെ കുട്ടിയക്കൊണ്ടു എഴുതി ജയിപ്പിച്ചില്ലേ, പ്ലസ് വണ്ണും അങ്ങനെത്തന്നെയല്ലേ, അതിനിപ്പോ ഞങ്ങൾ സ്കൂളിൽ പോകണോ?” - പ്ലസ് വണ് പ്രവേശനം നേടിയിട്ടും സ്കൂളിൽ പോവാത്ത ഊരിലെ കൗമാരക്കാരെ ശാസിച്ചതിന് പ്രദേശവാസിയായ പൊതുപ്രവർത്തകന് കിട്ടിയ മറുപടിയാണിത്. കല്പറ്റ നഗരസഭാപരിധിയിലെ ഈ ഊരില് ഫുട്ബോളും തട്ടി, പാട്ടുംപാടി നടക്കുന്ന കൗമാരക്കാരുടെ കൂട്ടമുണ്ട്. അധികൃതരുടെ രേഖകളിൽ ഈ കുട്ടികളെല്ലാം സ്കൂളിൽ പോകുന്നുണ്ട്. ഹാജരുണ്ട്. എന്നാൽ ഇവർ ഊരുകളിൽ തന്നെയാണെന്ന് സമീപവാസികൾക്കെല്ലാമറിയാം.

ഈ അനുഭവത്തിന് മറുകഥയുമുണ്ട്. ഇക്കുറി പത്താംക്ലാസ് പരീക്ഷയെഴുതി വിജയിച്ച മിടുക്കി പരീക്ഷയ്ക്ക് മുമ്പെ മാതാപിതാക്കളോട് പറഞ്ഞത് “തീരെ ആശങ്ക വേണ്ട, ഇതെന്റെ രണ്ടാമത്തെ എസ്.എസ്.എൽ.സി. പരീക്ഷയല്ലേ” എന്നാണ്. ക്ലാസിൽ ഒന്നാം സ്ഥാനക്കാരിയായ കുട്ടി ഒമ്പതിൽ പഠിക്കുമ്പോൾ പത്താംക്ലാസ് വിദ്യാർഥിയുടെ പരീക്ഷാസഹായി ആയിരുന്നു. അന്ന്

പത്താംക്ലാസിലെ അത്യാവശ്യ പാഠങ്ങളും കൂടി ഒമ്പതാംക്ലാസുകാരിയെ പഠിപ്പിച്ചാണ് അധ്യാപകർ പരീക്ഷയ്ക്ക് സഹായിയാക്കിയത്.

> **സംസ്ഥാനത്ത് തന്നെ ഏറ്റവും കൂടുതൽ പഠനവൈകല്യമുള്ള വിദ്യാർഥികൾ പരീക്ഷ എഴുതുന്ന ജില്ല വയനാടാണ്. ജില്ലാവിദ്യാഭ്യാസ വകുപ്പിന്റെ കണക്കുപ്രകാരം 2023 മാർച്ച് എസ്.എസ്.എൽ.സി. പരീക്ഷ 11,787 കുട്ടികൾ എഴുതിയതിൽ 1023 കുട്ടികൾ പരീക്ഷാസഹായിയെ ഉപയോഗിച്ചു.**

134 കുട്ടികൾ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ ഗവ. സ്കൂളിൽ 39 കുട്ടികൾക്കാണ് പരീക്ഷാസഹായിയെ ഉപയോഗിച്ചത്. വിരലിലെണ്ണാവുന്നത്രയും എയ്ഡഡ്, അൺഎയ്ഡഡ് സ്കൂളുകൾ മാത്രമാണ് പരീക്ഷാ സഹായികളെ ഉപയോഗിക്കാതെ വിദ്യാർഥികളെ വിജയിപ്പിച്ചത്. 2458 എസ്.ടി. കുട്ടികൾ പരീക്ഷ എഴുതിയതിൽ 602 കുട്ടികൾക്ക് സഹായി വേണ്ടിവന്നു - നാലിൽ ഒരാൾക്ക്. മറ്റു വിദ്യാർഥികള് സഹായിയെ ഉപയോഗിച്ചതും കൂടി. വിജയശതമാനം ഉയർത്താൻ ജില്ലയിലെ സ്കൂളുകൾ വ്യാപകമായി ഉപയോഗിക്കുന്ന തന്ത്രമാണ് പരീക്ഷാസഹായികളെന്നാണ് ആരോപണം ഉയരുന്നത്.

അസ്വഭാവികമായി പരീക്ഷാസഹായികളുടെ എണ്ണം കൂടിയതോടെ സംസ്ഥാനതലത്തിൽ അന്വേഷണം നടന്നു. പലകുട്ടികളും പഠനസഹായിയുടെ സഹായമില്ലാതെ തന്നെ പരീക്ഷ എഴുതാൻ സാധിക്കുന്നവരാണെന്ന് കണ്ടെത്തി. കഴിഞ്ഞ മാസം കളക്ടറേറ്റിൽ ചേർന്ന പ്രധാനധ്യാപകരുടെയും വിദ്യാഭ്യാസ വകുപ്പുദ്യോഗസ്ഥരുടെയും യോഗത്തിൽ ഇതു ചർച്ചയായി. വരുന്ന അധ്യയന വർഷം അർഹർക്ക് മാത്രമേ പഠനസഹായിയെ അനുവദിക്കാന് പാടൂവെന്ന് കളക്ടർ ഡോ. രേണുരാജ് കർശന നിർദേശം നൽകിയിട്ടുണ്ട്.

## പഠനവൈകല്യമോ, പഠിപ്പിക്കാത്തതോ?

ഇത്രയും പേർ പരീക്ഷാ സഹായിയെ ഉപയോഗിക്കുന്ന വയനാട്ടിൽ പഠനവൈകല്യമാണോ വിഷയം അറിയാതെയുള്ള തപ്പിത്തടയലാണോ പ്രശ്നമെന്നാണ് ആദ്യം കണ്ടെത്തേണ്ടത്. വായനാവൈകല്യം, രചനാവൈകല്യം, ഗണിതവൈകല്യം എന്നിങ്ങനെ മൂന്നായാണ് മാനസികാരോഗ്യവിദഗ്ദർ പഠനവൈകല്യങ്ങളെ തരംതിരിക്കുന്നത്. പഠനവൈകല്യമുള്ള കുട്ടികൾ ചെറിയ ക്ലാസുകള് മുതലേ ലക്ഷണങ്ങൾ കാണിക്കും. അക്ഷരങ്ങളും അക്കങ്ങളും തിരിച്ചെഴുതുക, ചെറിയ കണക്കുകൾ പോലും കൂട്ടാനാവാതിരിക്കുക തുടങ്ങിയവയാണ് പൊതുവിൽ അനുഭവപ്പെടുക.

പഠനവൈകല്യം സംബന്ധിച്ച പരിശോധനകൾ പ്രൈമറി ക്ലാസുകളിൽ തന്നെ നടക്കുന്നതാണ് ഉചിതം. കുട്ടികളുടെ ബുദ്ധിവികാസത്തിന്റെ 90 ശതമാനവും ആറ് വയസ്സിനുള്ളിൽ നടക്കും. ശേഷിക്കുന്നത് കൗമാരത്തോടെയും. ചുരുങ്ങിയത് ഒമ്പതാംക്ലാസിലെങ്കിലും കുട്ടികളിൽ പരിശോധന നടന്നാലേ കുട്ടിയുടേത് പഠനവൈകല്യമാണോ, അതോ കണക്കിലും ഭാഷയിലും അടിത്തറ ഉറയ്ക്കാതെ കുട്ടി ബുദ്ധിമുട്ടുന്നതാണോ എന്ന് തിരിച്ചറിയാൻ സാധിക്കൂ. 2016 മുതലാണ് പഠനവൈകല്യമുള്ളവർക്ക് കൂടി പരീക്ഷാസഹായികളെ അനുവദിക്കുന്നത്. താലൂക്ക് തലത്തിൽ രൂപവത്കരിച്ച മെഡിക്കൽ ബോർഡുകൾ പരിശോധിച്ചാണ്

പത്താംക്ലാസ് വിദ്യാർഥിക്ക് പരീക്ഷാ സഹായിയെ വെക്കുന്നത്. പഠനവൈകല്യമുള്ളവർക്ക് ഐ.ക്യു. സാധാരണനിലയിൽ തന്നെയാകും. കുട്ടിക്ക് എഴുതാനും വായിക്കാനും കണക്കുകൂട്ടാനും അറിയുമോ എന്നുള്ള പരിശോധനയാണ് നടക്കുക. സ്വാഭാവികമായും ഈ ശേഷികൾ കുറവുള്ള വിദ്യാർഥികൾക്ക് സഹായിയെ അനുവദിക്കും. എന്നാൽ ഇതു പഠനവൈകല്യം കൊണ്ടാണോ എന്ന് ചോദിച്ചാൽ ഡോക്ടർമാർക്ക് പോലും ഉറപ്പില്ല. ഭാഷയിലും കണക്കിലും അറിവില്ലാത്ത കുട്ടിയും തപ്പിത്തടയും. സ്കൂൾ മാനേജ്മെന്റിന്റെയും അധ്യാപകരുടെയും പി.ടി.എ.യുടെയുമെല്ലാം സമർദം ഉണ്ടായിരുന്നുവെന്ന് രഹസ്യമായെങ്കിലും പലരും സമ്മതിക്കും.

### ആർക്കാണ് തോൽക്കാൻ മടി?

ആർക്കാണ് തോൽക്കാൻ മടിയെന്ന ചോദ്യത്തിന് എന്തായാലും വിദ്യാർഥിക്കല്ല എന്നാണ് ഉത്തരം. മറ്റുള്ളവർ അടിച്ചേൽപ്പിക്കുന്ന പരീക്ഷാസമർദം മാത്രമായിരിക്കും കുട്ടിയും അനുഭവിക്കുക. തെറ്റില്ലാതെ എഴുതാനും വായിക്കാനും കണക്കുകൂട്ടാനും അറിയാത്തത് ആയിരിക്കും വിദ്യാർഥിയുടെ പ്രശ്നം. മറ്റൊരാൾ എഴുതി ജയിപ്പിച്ചു തരുന്ന സർട്ടിഫിക്കറ്റ് അവന് എന്തായാലും കാലാകാലത്തേക്കുള്ള മനോവിഷമം തന്നെയായിരിക്കും.

ഉയർന്ന വിജയശതമാനം സ്കൂളിന്റെയും അധ്യാപകന്റെയും രക്ഷകർത്താവിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും ജനപ്രതിനിധികളുടെ ആവശ്യമാണ്. നിരന്തരം പദ്ധതികൾ ആവിഷ്കരിച്ചിട്ടും സ്പെഷ്യൽ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടും വിജയശതമാനത്തിൽ പതിവായി അവസാനസ്ഥാനക്കാരാണ് വയനാട്. അപ്പോള് പിന്നെ സഹായികളെ കൂടി നിയന്ത്രിച്ചാലോ എന്ന ആശങ്കയാണ് പലർക്കും. ഇതിന് ന്യായീകരണവുമുണ്ട്,

> **“എങ്ങനെയെങ്കിലും എസ്.എസ്.എൽ.സി. പാസ്സാക്കിയാൽ ആദിവാസിക്കുട്ടികൾ സർക്കാർ ജോലി കിട്ടില്ലേ?”. എസ്.ടി. കുട്ടികളോടുള്ള മമതയേക്കാൾ ഈ കുട്ടികളെ ഉൾക്കൊള്ളുന്നതിൽ സ്കൂളുകൾ പരാജയപ്പെടുന്നത് തിരിച്ചറിയാതിരിക്കുകയല്ലേ ലക്ഷ്യം.**

പഠിപ്പിക്കുന്ന സ്കൂളിലെ വിജയശതമാനമല്ല, കുട്ടികളുടെ പഠനനിലവാരമാണ് പ്രധാനമെന്ന് അധ്യാപകരെങ്കിലും തിരിച്ചറിയണം. പഠിപ്പിച്ച പാഠം ക്ലാസിലെ എല്ലാ കുട്ടിക്കും മനസ്സിലായെന്നും പ്രായോഗികതലത്തിൽ ഉപയോഗപ്പെടുത്താൻ അവനാകുമെന്നും അധ്യാപകന് ആത്മവിശ്വാസമുണ്ടെങ്കിൽ തീരുന്നതാണ് വിഷയം. പരീക്ഷാസഹായികൾ അർഹർക്ക് മാത്രം ലഭിക്കേണ്ട സംവിധാനമാണ്. തോൽവിയേക്കാൾ വലുതാണ് കൈയിലിരിക്കുന്ന വിജയം തനിക്ക് അർഹതപ്പെട്ടതല്ലെന്ന് വിചാരിക്കുന്ന ഒരു വിദ്യാർഥി. അധ്യാപകരും സ്കൂളുകളും ഇനിയെങ്കിലും തോൽക്കാൻ തയ്യാറാവണം.

### 2023 എസ്.എസ്.എൽ.സി. പരീക്ഷാഫലം

- പരീക്ഷ എഴുതിയത് : 11787 (2458 എസ്.ടി. വിദ്യാർഥികൾ)
- ഉപരിപഠനത്തിന് അർഹത നേടിയവർ: 11600 (2293 എസ്.ടി. വിദ്യാർഥികള്)

- പരീക്ഷാസഹായിയെ (സ്ക്രൈബ്) ഉപയോഗിച്ചത് : 1023 (602 എസ്.ടി.വിദ്യാർഥികൾ)
- പരീക്ഷാസഹായിയെ സഹായത്താൽ വിജയിച്ചവർ : 1009 (593 എസ്.ടി. വിദ്യാർഥികൾ)